# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6680 — 1.11.2011-ലെ മറുപടിക്ക്

### ചീക്കോട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചീക്കോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;<br>(ബി) പ്രസ്തുത പദ്ധതിക്കായി എത്ര പുതിയ ടെണ്ടറുകളാണ് ക്ഷണിച്ചിരിക്കുന്നത്; | (എ) & (ബി) ചീക്കോട് കുടിവെള്ള പദ്ധതിയിൽ 1-എ, 1-ബി, 1-സി, 1-ഡി, 1-ഇ, 2-എ, 2-ബി എന്നീ 7 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 5 പാക്കേജുകളുടെ ടെണ്ടർ 2011 സെപ്തംബറിൽ ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം നൽകുന്ന നടപടികൾ പരിശോധിച്ച് വരുന്നു.<br>പാക്കേജ് 2-എ, 2-ബി എന്നിവയുടെ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇതിനകം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിച്ച ശുദ്ധീകരണ ശാലയുടേത് ഉൾപ്പെടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (സി) ശുദ്ധീകരണശാലയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 20% പൂർത്തീകരിച്ചു കിണറിന്റേയും പമ്പ് ഹൗസിന്റേയും പ്രവൃത്തി റോ വാട്ടർ പമ്പിംഗ് മെയിൻ ഉപരിതലസംഭരണി എന്നിവയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| (ഡി) ചീക്കോട് കുടിവെള്ള പദ്ധതി എന്ന് ടെണ്ടർ ചെയ്യാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) പാക്കേജ് 2(എ) - ട്രാൻസ്ഫോർമറുകൾക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്. 2011 - ഡിസംബറോടെ ദർഘാസ് ക്ഷണിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>പാക്കേജ് 2(ബി) - വിവിധയിനം പമ്പു സെറ്റുകളും അനുബന്ധപ്രവൃത്തികളും മറ്റ് പാക്കേജുകളുടെ പ്രവൃത്തികൾ അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ